MONDAY 09/02/2026 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : SINDHU. KS Editor : Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/02/2026

1. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കേരളസർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല 2026 ഫെബ്രുവരി 18 മുതൽ 22 വരെ വെള്ളാനിക്കരയിലുള്ള സെൻട്രൽ ക്യാമ്പസിൽ വച്ച് "ദക്ഷിണ മേഖല കാർഷിക മേള 2025 – 26"സംഘടിപ്പിക്കുന്നു. നല്ല നാളെക്കായി സ്മാർട്ട്കൃഷി: അതിജീവനം സാങ്കേതികവിദ്യകളിലൂടെ (Agri-next: Smart, resilient and sustainable farming) എന്നതാണ് ഈ മേളയുടെ പ്രമേയം. കേരളം ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകൾ, ലക്ഷദ്വീപിലെയും ദക്ഷിണേന്ത്യയിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഐ. സി. എ. ആർ. ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. അഗ്രി ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ, അഗ്രിടെക് സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ മുൻകൂട്ടി സ്റ്റാളുകൾ ബുക്ക് ചെയ്യാവുന്നതാണ്. എ.സി. സ്റ്റാളുകൾക്ക് ₹25,000/ രൂപയും നോൺ എ.സി. സ്റ്റാളുകൾക്ക്₹10,000/ രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. താല്പര്യമുള്ളവർക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൺവീനർ 9847335759, 9544211144എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് siraf@kau.in എന്ന ഇ മെയിൽ വഴിയോ 9497412447, 04872370150 എന്ന നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025–2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടാം.

## കാർഷിക നിർദേശം

ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ വിത്തുതേങ്ങ സംഭരിക്കാവുന്നതാണ്. തെങ്ങിന് നന തുടരണം. തെങ്ങിൽ ചെന്നീരൊലിപ്പ് രോഗം കാണുകയാണെങ്കിൽ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി കത്തിച്ച് കളയണം. മുറിപാടുകളിൽ കാലിക്സിൻ അല്ലെങ്കിൽ കോൺടാഫ് 5മില്ലി, 100 മില്ലി വെള്ളത്തിൽ കലക്കി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തേച്ച്കൊടുക്കുക. അല്ലെങ്കിൽ കോൺടാഫ് 25 മില്ലിലിറ്റർ, 25 ലിറ്റർ വെള്ളത്തിൽ കലക്കി തെങ്ങിൻ ചുവട്ടിൽ ഒഴിച്ച് മണ്ണ് കുതിർക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം